# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :490      27.02. 2018 ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക് കുടിശ്ശിക

**ചോദ്യം**

ശ്രീ.പാറക്കൽ അബ്ദുല്ല.

**ഉത്തരം**

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

(എ) വൈദ്യുതി നിരക്ക് കുടിശ്ശിക ഇനത്തിൽ വൈദ്യുതി ബോർഡിന് ഇതിനകം എത്ര തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിൽ നിന്ന് എത്ര രൂപവീതമാണ് പിരിഞ്ഞു കിട്ടാനുള്ളത്: ഇത് പിരിച്ചെടുക്കുന്നതിന് ബോർഡ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(എ) വൈദ്യുതി നിരക്ക് കുടിശ്ശിക ഇനത്തിൽ 31.12.2017 വരെ വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടുവാനുള്ള കുടിശ്ശിക 2441.22 കോടി രൂപയാണ്.

(ബി) കുടിശ്ശികയുള്ള വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. സംസ്ഥാന സർക്കാർ വകുപ്പുകൾ | 109.09 കോടി രൂപ |
| 2. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1424.91 കോടി രൂപ |
| 3. മറ്റ് പൊതു സ്ഥാപനങ്ങൾ | 16.91 കോടി രൂപ |
| 4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 1.02 കോടി രൂപ |
| 5. കേന്ദ്ര സർക്കാർ വകുപ്പുകൾ | 2.65 കോടി രൂപ |
| 6. കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | 15.740 കോടി രൂപ |
| 7. സ്വകാര്യ വ്യക്തികൾ | 320.62 കോടി രൂപ |
| 8. സ്വകാര്യ വൻകിട / ചെറുകിട സ്ഥാപനങ്ങൾ, ലൈസൻസികൾ | 550.28 കോടി രൂപ |
| **ആകെ** | **2441.22 കോടി രൂപ** |

| | |
|---|---|
| | സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചു മാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു.<br><br>കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് കുടിശ്ശിക നോട്ടീസുകൾ കൊടുക്കുകയും കൂടാതെ വലിയ തുക കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപന മേധാവികൾക്കും കത്ത് നൽകി കുടിശ്ശിക വിവരം അറിയിക്കുന്നുണ്ട്.<br><br>റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കുന്നതിലേക്കായി സ്റ്റേറ്റ് നോഡൽ ഓഫീസറുടെ കാര്യക്ഷമമായ നടപടികളും ഇടപെടലുകളും ഉണ്ടാകുന്നുണ്ട്, |
| (സി) നിരക്ക് വർദ്ധിപ്പിക്കാനുള്ള ബോർഡിന്റെ ശ്രമം വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിരാകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) ഇല്ല. 2018-19 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള നാലു വർഷത്തേക്ക് ഒന്നിച്ച് താരിഫ് നിർണ്ണയിക്കുന്നതിനുള്ള 'ഡ്രാഫ്റ്റ് റഗുലേഷൻ'- കമ്മീഷൻ പ്രസിദ്ധീകരിക്കുകയും പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്മീഷൻ അന്തിമ റഗുലേഷൻ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ